പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2363 **27-10-2026-ൽ മറുപടിയ്ക്ക്**

ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (ബി.ഇ.എസ്.എസ്.)പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ഉല്ലാസ് കോവൂർ
ശ്രീ. വിഷ്ണു മോഹൻ
ശ്രീ. വി. കുഞ്ഞികൃഷ്ണൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് പീക്ക് അവറുകളിലെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനും പുനരുപയോഗ ഊർജത്തെ വൈദ്യുതി ശൃംഖലയുമായി സംയോജിപ്പിക്കുന്നതിനുമായി ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (ബി.ഇ.എസ്.എസ്.) പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ, പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ;

മറുപടി: ഉണ്ട്.

പീക്ക് സമയത്തെ വൈദ്യുതി ആവശ്യകത കൈകാര്യം ചെയ്യുന്നതിനും പുനരുപയോഗ ഊർജ്ജത്തിന്റെ ഫലപ്രദമായ ഉപയോഗം വർധിപ്പിക്കുന്നതിനുമായി സംസ്ഥാനത്ത് വിവിധ ബി.ഇ.എസ്.എസ്. (Battery Energy Storage System) പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആകെ 500 MW/1500 MWh സംഭരണശേഷിയുള്ള പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.

മയിലാട്ടിയിൽ (125MW/500MWh) സിവിൽ നിർമ്മാണം, കൺട്രോൾ റൂം, വൈദ്യുത ഉപകരണങ്ങളുടെ സ്ഥാപനം, ഗ്രിഡ് കണക്റ്റിവിറ്റി എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർണ്ണതോതിൽ പുരോഗമിച്ചു വരുന്നു. പവർ കൺവേർഷൻ സിസ്റ്റം (Power Conversion System), ഇൻവെർട്ടർ ഡ്യൂട്ടി ട്രാൻസ്ഫോർമർ (Inverter Duty Transformer) അനുബന്ധ വൈദ്യുത ഉപകരണങ്ങൾ സ്ഥാപിച്ചു കഴിഞ്ഞു. ബാറ്ററി കണ്ടെയ്നറുകൾ മാത്രമാണ് സ്ഥാപിക്കാനുള്ളത്.

മുള്ളേരിയ (15MW/60MWh) നിലയം നിർമ്മാണ പ്രവർത്തികൾ ഭൂരിഭാഗവും പൂർത്തീകരിച്ച് 15.10.2026 മുതൽ നിരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിപ്പിച്ചു വരുന്നു.

അരീക്കോട് (30MW/120MWh): സിവിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരണത്തോടടുക്കുന്നു. ഇൻവെർട്ടർ ഡ്യൂട്ടി ട്രാൻസ്ഫോർമർ (Inverter Duty Transformer) സ്ഥാപിച്ചു.

ശ്രീകണ്ഠപുരം (40MW/160MWh): ഫൌണ്ടേഷൻ പ്രവൃത്തികൾ പുരോഗമിക്കുന്നു.

പോത്തൻകോട് (40MW/160MWh) : ഫൌണ്ടേഷൻ പ്രവൃത്തികൾ പുരോഗമിക്കുന്നു.

ബ്രഹ്മപുരം (250MW/500MWh): ബി.ഇ.എസ്.എസ്. ഡെവലപ്പർക്ക് ഭൂമി കൈമാറിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഈ പദ്ധതി പ്രകാരം ഏതൊക്കെ പ്രദേശങ്ങളിലാണ്/സബ്സ്റ്റേഷനുകളിലാണ് ബി.ഇ.എസ്.എസ്. യൂണിറ്റുകൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്; പ്രസ്തുത യൂണിറ്റുകളുടെ ആകെ വൈദ്യുതി സംഭരണശേഷി എത്രയാണെന്ന് അറിയിക്കാമോ;

മറുപടി: ബി.ഇ.എസ്.എസ്. യൂണിറ്റുകൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള പ്രധാന സ്ഥലങ്ങളും ശേഷിയും **അനുബന്ധം ബി** ആയി ചേർക്കുന്നു.

(സി) പ്രസ്തുത പദ്ധതി പൂർത്തിയാകുന്നതോടെ വൈദ്യുതി വാങ്ങുന്നതിനുള്ള ചെലവ് കുറയ്ക്കുന്നതിനും ഗ്രിഡിന്റെ സുസ്ഥിരത ഉറപ്പാക്കുന്നതിനും കെ.എസ്.ഇ.ബി.-യ്ക്ക് എത്രത്തോളം നേട്ടമുണ്ടാക്കാൻ കഴിയുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; പദ്ധതി യാഥാർഥ്യമാക്കാൻ ഉദ്ദേശിക്കുന്ന സമയക്രമം വ്യക്തമാക്കാമോ?

മറുപടി: കുറഞ്ഞ ആവശ്യകതയുള്ള സമയങ്ങളിൽ വൈദ്യുതി സംഭരിച്ച് പീക്ക് സമയങ്ങളിൽ ലഭ്യമാക്കുന്നതിലൂടെ ഉയർന്ന നിരക്കിലുള്ള വൈദ്യുതി വാങ്ങൽ കുറയ്ക്കാൻ ബി.ഇ.എസ്.എസ്. സഹായിക്കും. പുനരുപയോഗ ഊർജത്തിന്റെ വ്യതിയാനങ്ങൾ കൈകാര്യം ചെയ്യുന്നതിനും ഗ്രിഡിന്റെ പ്രവർത്തനക്ഷമതയും വിതരണവിശ്വാസ്യതയും മെച്ചപ്പെടുത്തുന്നതിനും ഇത് പ്രയോജനപ്പെടും.

വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് വരുന്ന പദ്ധതികളിൽ മുള്ളേരിയ (15MW/60MWh) നിലയം 15.10.2026 മുതൽ നിരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിപ്പിച്ചു വരുന്നു.

പദ്ധതി ഡെവലപ്പർമാർ സമർപ്പിച്ച സമയവിവരപ്പട്ടിക പ്രകാരം മൈലാട്ടി (125 MW/500 MWh) 2027 മാർച്ചിലും, അരീക്കോട് (30 MW/120 MWh) 2027 ജനുവരിയിലും, പോത്തൻകോട് (40 MW/160 MWh), ശ്രീകണ്ഠാപുരം (40 MW/160 MWh) എന്നിവ 2027 മാർച്ചിലും പൂർത്തിയാക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ

അനുബന്ധം

ക്രമ നമ്പ	ബി.ഇ.എസ്.എസ്. സ്ഥലം	ജില്ല	സബ്സ്റ്റേഷൻ	ശേഷി (MWMWh)
1	മയിലാട്ടി	കാസർഗോഡ്	220 KV SS മയിലാട്ടി	125 MW/500 MWh
2	മുള്ളേരിയ	കാസർഗോഡ്	110 KV SS മുള്ളേരിയ	15 MW / 60 MWh
3	ശ്രീകണ്ഠപുരം	കണ്ണൂർ	110 kV SS ശ്രീകണ്ഠപുരം	40 MW/160 MWh
4	അരീക്കോട്	മലപ്പുറം	220 kV SS അരീക്കോട്	30 MW/120 MWh
5	പോത്തൻകോട്	തിരുവനന്തപുരം	2200 KV SS പോത്തൻകോട്	40 MW/160 MWh
6	ബ്രഹ്മപുരം	എറണാകുളം	220 KV SS ബ്രഹ്മപുരം	250 MW/500 MWh
	ആകെ സംഭരണശേഷി:			500 MW/1,500 MWh
പ്രതിദിനം 1.5 ദശലക്ഷം യൂണിറ്റ് വൈദ്യുതി സംഭരണശേഷി.				

സെക്രട്ടറി (ഭരണം)

24/10